# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2151** **11/06/2018-ൽ മറുപടിക്ക്**

## കർമ്മപരിപാടി എന്ന പേരിൽ 2018-ൽ ആരംഭിച്ച ജാഗ്രതാ പരിപാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | പകർച്ചവ്യാധി നിയന്ത്രണത്തിന് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മപരിപാടി എന്ന പേരിൽ 2018-ൽ ആരംഭിച്ച ആരോഗ്യ ജാഗ്രതാ പരിപാടി തുടക്കത്തിൽ തന്നെ പാളിയത് എന്തു-കൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | എ) | ആരോഗ്യ ജാഗ്രതാ പദ്ധതിയിൽ ഇതുവരെ പാളിച്ചയൊന്നും പറ്റിയിട്ടില്ല. |
| ബി) | ഈ പദ്ധതി ആരംഭിച്ച ശേഷം സംസ്ഥാനത്ത് ഇതുവരെ ഉണ്ടാകാത്ത രീതിയിൽ പുതിയ വൈറസ് ബാധ ഉണ്ടാകുകയും വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെടുകയും ചെയ്ത സാഹചര്യം ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും അത് നിയന്ത്രിക്കുന്നതിനും ഒരുക്കിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | സി) | കഴിഞ്ഞ വർഷങ്ങളിൽ കൊതുകു-ജന്യരോഗങ്ങൾ മൂലമുണ്ടാകുന്ന പകർച്ച വ്യാധികൾ കൂടുതലായി കണ്ടു വരുന്ന സ്ഥലങ്ങളെ മാപ്പ് ചെയ്തുകൊണ്ട് ജില്ലാ വെക്ടർ യൂണിറ്റിന്റെ സഹായത്തോടു കൂടി കൊതുക് സാന്ദ്രത കണ്ടെത്തി അതിനാവശ്യമായിട്ടുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. ഈ വർഷം പകർച്ചവ്യാധിയുടെ തോത് കുറയ്ക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ തന്നെ ജലജന്യരോഗങ്ങൾ പടർന്നു പിടിച്ച സ്ഥലങ്ങളിൽ പഞ്ചായത്തിന്റെ സഹായത്തോടെ ശുദ്ധജലലഭ്യത ഉറപ്പു-വരുത്തിക്കൊണ്ട് ജലജന്യരോഗങ്ങൾ നിയന്ത്രിക്കാനുള്ള സംവിധാനങ്ങളും ചെയ്തുവരുന്നു.<br>ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യപ്രവർത്തകരും ആരോഗ്യ ജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധം പ്രവർത്തനങ്ങൾ നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി |

പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയം ഭരണവകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തു വരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ് തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുകുനിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐഎസ്എസ്), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി

നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്തു വരുന്നുണ്ട്. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ കൈപ്പുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘു-ലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ഡി)** കോടിക്കണക്കിന് രൂപ പരസ്യങ്ങൾക്ക് നൽകുകയല്ലാതെ ക്രിയാത്മകമായ നടപടികൾ വകുപ്പുകൾ സ്വീകരിക്കാത്തതാണ് സംസ്ഥാനത്തെ പകർച്ചവ്യാധികളുടെ കേന്ദ്രമാക്കിയതെന്നത് പരിഗണിച്ച് സമ്പൂർണ്ണ ശുചിത്വത്തിനും രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ?

**ഡി)** ആരോഗ്യവകുപ്പിൽ ക്രിയാത്മകമായ ബോധവത്കരണ പരിപാടികളാണ് നടന്നു വരുന്നത്. കഴിഞ്ഞ വർഷം ആരോഗ്യപ്രവർത്തകർക്കും , പൊതുജനങ്ങൾക്കും ആരോഗ്യ സേനാംഗങ്ങൾക്കും കൈപ്പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുകയും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പകർച്ചവ്യാധി ബോധവത്കരണത്തിന്റെ ഭാഗമായിട്ടുള്ള ബോർഡിംഗുകൾ സ്ഥാപിക്കുകയും, പൊതുജനങ്ങൾക്കായി വീടുകൾ തോറും നൽകാനുള്ള ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും പകർച്ചവ്യാധി ബോധവത്കരണ പ്രവർത്തനത്തിന്റെ ഭാഗമായി പോസ്റ്ററുകളും സ്റ്റിക്കറുകളും അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡെങ്കിപ്പനിയെ സംബന്ധിച്ച് തുടർ വിദ്യാഭ്യാസ പരിപാടികൾ, വീഡിയോകൾ, ഷോർട്ട് ഫിലിം മുതലായവയും പകർച്ചവ്യാധി ബോധവത്കരണത്തിന് വേണ്ടി ആരോഗ്യവകുപ്പ് നിർമ്മിച്ചിട്ടുണ്ട്. ഡോക്ടർമാർക്ക് മാർഗ്ഗ നിർദ്ദേശത്തിനായുള്ള ട്രീറ്റ്മെന്റ് പ്രോട്ടോകോൾ അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**